# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 29.01.2025** **TIME : 7.25 PM**

## പ്രധാന വാർത്തകൾ

1) ഹരിതോർജ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കാൻ നാഷണൽ ക്രിറ്റിക്കൽ മിനറൽ മിഷന് രൂപം നല്കാൻ കേന്ദ്ര കാബിനറ്റ് തീരുമാനം.

**The government has approved the National Critical Mineral Mission. The decision has been taken to build a resilient value chain for critical mineral resources essential for promoting green technologies.**

2) ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടന്ന വർണാഭമായ ബീറ്റിംഗ് റിട്രീറ്റോടെ 76-ാമത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്ക് സമാപനം.

**As part of Republic Day Celebrations, Beating Retreat ceremony was held at the historic Vijay Chowk in New Delhi today.**

3) പ്രയാഗ് രാജ് മഹാകുംഭമേളയ്ക്കിടെ തിക്കിലും തിരക്കിലും പെട്ട് 30 പേർ മരിച്ചതായും 90 പേർക്ക് പരിക്കേറ്റതായും U.P പോലീസ്.

**30 people have lost their lives and 90 were injured in the Maha Kumbh during the incident that took place at Sangam Ghat;**

4) പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷിയോഗം നാളെ; കേന്ദ്ര ബജറ്റവതരണം ശനിയാഴ്ച.

**The central government has called an all-party meeting ahead of the budget session of Parliament tomorrow; the central budget will be presented on Saturday.**

5) രാജ്യത്തിനുള്ള കേരളത്തിന്റെ സമ്മാനമാണ് വിഴിഞ്ഞം തുറമുഖമെന്ന് മന്ത്രി വി.എൻ വാസവൻ.

**Minister V.N. Vasavan says that Vizhinjam Port is Kerala's gift to the country.**

6) ദേശീയ ഗെയിംസിൽ നീന്തലിൽ കേരളത്തിന് ഇരട്ട മെഡൽ സമ്മാനിച്ച് സജൻ പ്രകാശ്; ഐ എസ് എല്ലിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ഹൈദരാബാദ് പോരാട്ടം.

**Sajan Prakash brings Kerala a double medal in swimming at the National Games; NorthEast United vs Hyderabad clash in ISL today.**

*****************************************

## CABINET DECISIONS (INTRO)

ഹരിതോർജ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് നാഷണൽ ക്രിറ്റിക്കൽ മിനറൽ മിഷന് രൂപം നല്കാൻ കേന്ദ്ര മന്ത്രി സഭ യോഗത്തിൽ തീരുമാനം. ഇതിനായി 7 വർഷത്തേക്ക് 34,300 കോടി രൂപ അനുവദിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ധാതു പര്യവേക്ഷണത്തിത്തിനുള്ള രാജ്യത്തിൻ്റെ

സാധ്യതകൾ വർധിപ്പിച്ച് ധാതുക്കളുടെ ഇറക്കുമതി ആശ്രയം കുറക്കാനാണ് സർക്കാർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(വോയിസ്)

എഥനോൾ മിശ്രണ പദ്ധതിയിലൂടെ രാജ്യത്തിന് ഒരു ലക്ഷത്തി പതിമൂവായിരം കോടി രൂപയുടെ വിദേശനാണ്യം ലാഭം ഉണ്ടായതായി കേന്ദ്രമന്ത്രി പറഞ്ഞു. പൊതുമേഖലാ എണ്ണ വിപണന കമ്പനികൾക്കുള്ള എത്തനോൾ സംഭരണ വില പരിഷ്കരിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിസഭാ സമിതി അംഗീകാരം നൽകി. ഇതോടെ C- ഹെവി മൊളാസസിൽ നിന്നുള്ള എഥനോളിൻറെ വില ലിറ്ററിന് 56.58 രൂപയിൽ നിന്ന് 57.97 രൂപയാകും.

*****************************************

## BEATING RETREAT CEREMONY (INTRO)

ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടന്ന വർണാഭമായ ബീറ്റിംഗ് റിട്രീറ്റോടെ 76-ാമത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്ക് സമാപനം. രാഷ്ട്രപതി ദ്രൗപദി മുർമു ദേശീയ പതാക ഉയർത്തി. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ സ്പീക്കർ ഓം ബിർല, വിവിധ കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ ചടങ്ങിന് സാക്ഷ്യം വഹിച്ചു.

(ഹോൾഡ് വോയിസ് )

കര-നാവിക-വ്യോമ സേനകളുടേത് ഉൾപ്പെടെ ആകെ 30 പ്രകടനങ്ങൾ ആയിരുന്നു ഈ വർഷത്തെ ബിറ്റിംഗ് റിട്രീറ്റിൻറെ മുഖ്യ ആകർഷണം. കദം കദം ബഢായേ ജാ, അമർ ഭാരതി, ഇന്ദ്രധനുഷ് തുടങ്ങിയ ജനപ്രിയ ഈണങ്ങൾ ബാൻഡ് സംഘങ്ങൾ ചടങ്ങിൽ ആലപിച്ചു.

*****************************************

## BEST TABLEAU AWARDS

76 -ാമത് റിപ്പബ്ലിക്ക് ദിന പരേഡിലെ മികച്ച നിശ്ചല ദൃശ്യത്തിനുള്ള വാർഡുകൾ പ്രഖ്യാപിച്ചു. 2025 ലെ മഹാകുംഭ് പ്രമേയമാക്കിയുള്ള ഉത്തർപ്രദേശിൻ്റെ നിശ്ചല ദൃശ്യം മികച്ച ടാബ്ലോ അവാർഡ് കരസ്ഥമാക്കി. ത്രിപുരയിലെ ഖർച്ചി ഉത്സവം പ്രമേയമാക്കിയുള ടാബ്ലോ രണ്ടാം സ്ഥാനവും ആന്ധ്രാപ്രദേശിൻ്റെ ടാബ്ലോക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. ജമ്മു കശ്മീർ റൈഫിൾസ് മികച്ച മാർച്ചിംഗ് കണ്ടിജൻ്റ് അവാർഡ് നേടി. കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഇനത്തിൽ പട്ടിക വർഗ മന്ത്രാലയം മികച്ച ടാബ്ലോ അവാർഡും ഡൽഹി പോലീസ് മികച്ച മാർച്ചിംഗ് കണ്ടിജന്റ് അവാർഡും നേടി.

****************************************

## ALL PARTY MEETING

പാർലമെൻറിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ചസർവകക്ഷിയോഗം നാളെ ചേരും. മറ്റന്നാളാണ് രാഷ്ട്രപതിയുടെ അഭിസംബോധനയോടെ ബജറ്റ് സമ്മേളനത്തിന് തുടക്കമാകുക. കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ കേന്ദ്ര ബജറ്റ് ശനിയാഴ്ച പാർലമെൻറിൽ അവതരിപ്പിക്കും.

****************************************

## JPC-WAQF (INTRO)

വഖഫ് ഭേദഗതി ബിൽ 2024 സംബന്ധിച്ച പാർലമെൻറ് സംയുക്ത സമിതിയുടെ കരട് റിപ്പോർട്ട് അംഗീകരിച്ചു. പ്രതിപക്ഷത്തിൻറെ വിയോജിപ്പോടെയാണ് റിപ്പോർട്ട് അംഗീകരിച്ചത്. ബില്ലുമായി ബന്ധപ്പെട്ട 14

വ്യവസ്ഥകളിൽ കമ്മിറ്റി ഭേദഗതികൾ അംഗീകരിച്ചതായി 31 അംഗ സമിതിയുടെ ചെയർമാൻ ജഗദാംബിക പാൽ പറഞ്ഞു. കമ്മിറ്റിയുടെ റിപ്പോർട്ട് നാളെ ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് സമർപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# (വോയിസ്)

രാജ്യത്തുടനീളമുള്ള വഖഫ് സ്വത്തുക്കളുടെ മാനേജ്മെൻറും നിയന്ത്രണവും പരിഷ്കരിക്കുക എന്നതാണ് ബിൽ ലക്ഷ്യമിടുന്നത്. അതേസമയം, പാനലിലെ പ്രതിപക്ഷ അംഗങ്ങൾ റിപ്പോർട്ട് അംഗീകരിച്ചതിനെ ചോദ്യം ചെയ്തു.

****************************************

## ISRO 100TH LAUNCH

നൂറാം വിക്ഷേപണ വിജയ നിറവിൽ ശ്രീഹരിക്കോട്ട. ഐ.എസ്.ആർ.ഒ യുടെ ഗതിനിർണയ ഉപഗ്രഹമായ എൻവിഎസ്-02 വിനെ, ജിഎസ്എൽവി - F 15 റോക്കറ്റ് വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ചു. സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ രാവിലെ 6:23 നായിരുന്നു വിക്ഷേപണം. നിർണായകമായ ഈ നേട്ടത്തിൽ ഐ എസ് ആർ ഒ യെ കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ് അഭിനന്ദിച്ചു.

****************************************

## PM-DELHI RALLY EARLY

ഡൽഹിയിൽ അടുത്ത മാസം 5-ന് നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. ബിജെപി, ആം ആദ്മി , കോൺഗ്രസ് പാർട്ടികളുടെ മുൻനിര നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് കർതാർ നഗറിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. കോൺഗ്രസിൻ്റെയും ആം ആദ്മി പാർട്ടിയുടെയും 25

വർഷത്തെ ഭരണത്തിനു ശേഷവും ഡൽഹിയുടെ പ്രശ്നങ്ങൾ അതേപടി തുടരുകയാണെന്ന് അദ്ദേഹം ആരോപിച്ചു. ആം ആദ്മി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാൾ ബദ്‌ലി, തിമാർപൂർ മണ്ഡലങ്ങളിൽ പൊതുയോഗങ്ങളെ അഭിസംബോധന ചെയ്തു.

*************************************************

## DELHI CONGRESS MANIFESTO

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രകടന പത്രിക കോൺഗ്രസ് ഇന്ന് പുറത്തിറക്കി. മുതിർന്ന നേതാക്കളായ ജയറാം രമേശ്, പവൻ ഖേര, ദേവേന്ദർ യാദവ് എന്നിവർ ചേർന്നാണ് പത്രിക പുറത്തിറക്കിയത്. ഡൽഹിയിലെ ജനങ്ങൾക്കായി അഞ്ച് ഗ്യാരണ്ടികൾ പത്രികയിൽ പ്രഖ്യാപിച്ചിട്ടുണ്ട് .

*************************************************

## MAHAKUMBH STAMPEDE

പ്രയാഗ് രാജിലെ മഹാകുംഭമേളക്കിടെ തിക്കിലും തിരക്കിലും പെട്ട് 30 പേർ മരിച്ചതായി മഹാകുംഭ് ചുമതലയുള്ള ഡി.ഐ. ജി വൈഭവ് കൃഷ്ണ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 90 പേർക്ക് പരിക്കേറ്റു. മരിച്ചവരിൽ 25 പേരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇന്ന് പുലർച്ചെ 2 മണിയോടെ ബാരിക്കേഡ് മറികടക്കാൻ ശ്രമിക്കുന്നതിനിടെയാണ്

അപകടമുണ്ടായത്. സംഭവത്തിൽ രാഷ്ട്രപതി പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തര മന്ത്രി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.

*************************************************

## MAHAKUMBH-AKHARA

മൗനി അമാവാസ്യ ദിനമായ ഇന്ന് മഹാ കുംഭമേളയിൽ രണ്ടാം അമൃത സ്ലാനം നടന്നു. ഇന്ന് ഉച്ചയ്ക്ക് 2 മണി വരെ അഞ്ച് കോടിയിലധികം ആളുകൾ ത്രിവേണി സംഗമത്തിൽ പുണ്യസ്ലാനം നടത്തി. ഇതുവരെ ആകെ 25 കോടിയോളം ഭക്തർ പുണ്യ സ്ലാനം നടത്തിയതാണ് കണക്കുകൾ.

*************************************************

## VIZHINJAM CONCLAVE

രാജ്യത്തിനുള്ള കേരളത്തിൻറെ സമ്മാനമാണ് വിഴിഞ്ഞം തുറമുഖമെന്ന് മന്ത്രി വി.എൻ വാസവൻ. വിഴിഞ്ഞം അന്താരാഷ്ട്ര കോൺക്ലേവിൻറെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സുസ്ഥിര വികസനം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രതിഫലനമാണ് വിഴിഞ്ഞം ടെർമിനലെന്നും വികസനത്തിനും അവസരങ്ങൾക്കുമുള്ള കവാടമാണിതെന്നും മന്ത്രി വ്യക്തമാക്കി.

*************************************************

## GR ANIL

ജനുവരിയിലെ ഭക്ഷ്യധാന്യങ്ങൾ രണ്ടുദിവസത്തിനകം റേഷൻ കാർഡുടമകൾ കൈപ്പറ്റണമെന്ന് മന്ത്രി ജി.ആർ.അനിൽ . ജനുവരിയിലെ വിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻ കടകളിലുമുണ്ട്. റേഷൻകടകളിൽ സ്റ്റോക്ക് ഇല്ലെന്നും കടകൾ കാലിയാണെന്നുമുള്ള വാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് മന്ത്രി അറിയിച്ചു.

*************************************************

## AK SASEENDRAN – WILD LIFE

കേരളത്തിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിൻറെ ഭാഗമായി വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് പ്രവേശിക്കുന്നത് തടയാൻ വനം വകുപ്പ് നടപ്പിലാക്കുന്ന- മിഷൻ എഫ്.എഫ്.ഡബ്ല്യു സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ. വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ജലലഭ്യത നിലവിൽ ഉറപ്പുവരുത്തുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

*****************************************

## MB RAJESH – BREWERY

ബ്രൂവറി വിഷയത്തിൽ പ്രതിപക്ഷം അസത്യ പ്രചരണങ്ങൾ ആവർത്തിക്കുന്നതായി മന്ത്രി എം.ബി. രാജേഷ്. പത്തു ഘട്ട പരിശോധന പൂർത്തിയാക്കിയാണ് പദ്ധതിക്ക് അനുമതി നൽകിയത്. ഒരു തുള്ളി ഭൂഗർഭജലം പോലും ഇതിനായി ഉപയോഗിക്കില്ലെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

*****************************************

## NENMARA CASE

നെന്മാറ ഇരട്ടക്കൊലപാതക കേസിലെ പ്രതി ചെന്താമരയെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. പ്രതിയെ കൂടുതൽ ചോദ്യം ചെയ്യുന്നതിനായി കസ്റ്റഡി അപേക്ഷ നൽകുമെന്ന് പാലക്കാട് എസ്.പി അജിത് കുമാർ പറഞ്ഞു.

*****************************************

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാം മത് ദേശീയ ഗെയിംസിൽ കേരളത്തിൻറെ സജൻ പ്രകാശിന് ഇരട്ട വെങ്കലം. പുരുഷ നീന്തൽ 200 മീറ്റർ ഫ്രീ സ്റ്റൈലിലും 100 മീറ്റർ ബട്ടർഫ്ളൈ ഇനത്തിലുമാണ് സജൻ പ്രകാശ് വെങ്കലം നേടിയത്. പുരുഷ റഗ്ബിയിൽ കേരളം ഇന്ന് ഉത്തരാഖണ്ഡിനെ പരാജയപ്പെടുത്തി. വനിതാ വോളിബോളിൽ പശ്ചിമ ബംഗാളിനെതിരെയും, വനിതാ വാട്ടർ പോളോയിൽ തമിഴ്നാടിനെതിരെയും കേരളം ഇന്ന് വിജയം നേടി. പോയിൻറ് പട്ടികയിൽ നാല് സ്വർണവുമായി മണിപ്പൂർ ഒന്നാമതും കർണാടകയും മഹാരാഷ്ട്രയും രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്. കേരളം എട്ടാം സ്ഥാനത്താണ്.

*******************************************

## FOOTBALL - ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്നത്തെ മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഹൈദരാബാദ് FC യെ നേരിടുന്നു. ഗുവാഹത്തിയിലാണ് മത്സരം.

*******************************************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണിയിൽ നേട്ടം. സെൻസെക്സ് 631 പോയിൻറ് ഉയർന്ന് 76,532 ലും, നിഫ്റ്റി 205 പോയിൻറ് നേട്ടത്തിൽ 23,163 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വിലയിൽ റെക്കോഡ് വർദ്ധന. പവന് വില 680 രൂപ വർദ്ധിച്ച് 60,760 ഉം, ഗ്രാമിന് 7,595 രൂപയും ആണ് ഇന്നത്തെ വില.

*******************************************

## RAILWAYS MAHAKUMBH

മഹാ കുംഭ മേളക്കായി സർവീസ് നടത്തുന്ന ചില പ്രത്യേക ട്രെയിനുകൾ റദ്ദാക്കിയതായി സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന അഭ്യൂഹങ്ങൾ ഇന്ത്യൻ റെയിൽവേ നിഷേധിച്ചു. മൗനി അമാവാസിയോട് അനുബന്ധിച്ച് തീർത്ഥാടകരുടെ വൻ തിരക്ക് കണക്കിലെടുത്ത് വിവിധ സ്റ്റേഷനുകളിൽ നിന്ന് റെയിൽവേ 370 ലധികം ട്രെയിനുകൾ സർവീസ് നടത്തുന്നുണ്ടെന്നും റെയിൽവേ അറിയിച്ചു.

****************************************************

*********************************************************************************************************************************************
****************